സിറ്റിസൺ അദാലത്തിന്റെ ഒരു യോഗം 13/02/2024 ചൊവ്വാഴ്ച പകല് 11 മണിക്ക് ഓൺലൈനായി ചേർന്നു. ഈ യോഗത്തിൽ താഴെപ്പറുന്ന ആളുകള് ഓൺലൈനായി പങ്കെടുത്തു.

**ഹാജർ**

1. അന്നമ്മ ജോർജ്ജ് കിഴക്കേചെരുവിലിന് വേണ്ടി ജിനു മനോജ് - 9544446429
2. കെ.ജെ റെജിമോൻ, ഹെഡ്ക്ലാർക്ക് , ചക്കുപള്ളം ഗ്രാമ പഞ്ചായത്ത്.
3. അനിത ജോർജ്ജ്, സീനിയർക്ലാർക്ക്, ചക്കുപള്ളം ഗ്രാമ പഞ്ചായത്ത്.
4. അനിൽകുമാര് എസ്സ്.എൽ, സെക്രട്ടറി, ചക്കുപള്ളം ഗ്രാമ പഞ്ചായത്ത്.
5. അബ്ദുൾ സമദ് പി.എം, ഐ.വി.ഒ - 3
6. രാഹുൽ, ആർ.ജി.എസ്സ്.എ ബി.സി
7. അനിൽ.ഡി ജെഎസ്സ്, ജയിന്റ് ഡയറക്ടർഓഫീസ്, ഇടുക്കി.
8. ശ്രീലക്ഷ്മി എസ്സ്, ആർ.ജി.എസ്സ്.എ ബി.സി
9. ജിനീത, അസി.എക്സിക്കുട്ടീവ് എഞ്ചിനീർ, കട്ടപ്പന (ഓൺലൈൻ)
10. അബുബക്കർ , അസി.ടൌൺപ്ലാനർ, ഇടുക്കി (ഓൺലൈൻ)
11. അനിൽ ജി, ഹെഡ്ക്ലാർക്ക്, ഉപ്പുതറ (ഓൺലൈൻ)
12. സുനിൽകുമാർ, ഹെഡ്ക്ലാർക്ക്, അയ്യപ്പൻകോവിൽ, (ഓൺലൈൻ)
13. അനിജ, അസി.സെക്രട്ടറി, കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് (ഓൺലൈൻ)
14. സണ്ണി മാത്യു, ഡയറക്ടർ, ഡിസ്ട്രിക്ട് ട്രഡീഷണൽ കാർഡമം പ്രോഡ്യൂസേഴ്സ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്. 9447022137
15. ബേബി ജോസഫ് 9645337831

**യോഗ തീരുമാനങ്ങള്**

**കാഞ്ചിയാർ ഗ്രാമ പഞ്ചാത്ത്**

1. **ഗോപാലൻ ആചാരി, വെട്ടുവിള പുത്തൻവീട്ടില്.**

കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിൽ15-ാം വാർഡില് 313 വീട്ടുനമ്പര് ഉണ്ടായിരുന്നു എന്നനും 6 മാസം ചികിൽസയ്ക്കു പോയ കാലയളവില് ഈ നമ്പർ പ്രകാരം ലഭിച്ച കണക്ഷന് കെ.എസ്സ്.ഇ.ബി കട്ടുചെയ്തു വെന്നും ഇപ്പോൾ വൈദ്യുതി കണക്ഷനും, കുടിവെള്ളകണക്ഷനും ഇല്ലാ എന്നുമാണ് പരാതി. 15/313 എന്നൊരു നമ്പര് ടിയാന്റെ പേരിൽഇല്ല എന്ന് അസിസ്റ്റന്റ് സെക്രട്ടറി റിപ്പോർട്ടുചെയ്തു. ടി സാഹചര്യത്തിലും ടിയാൻ അപേക്ഷയോടൊപ്പം സമർപ്പിച്ച സത്യവാംങ്മൂലത്തിലും റേഷൻകാർഡ് ആധാർകാർഡ് എന്നിവയുടെ കോപ്പിയിലും ടിയാന് കാഞ്ചിയാർഗ്രാമ

പഞ്ചായത്തിൽ സ്ഥിരതാമസക്കാരനാണെന്ന് കാണുന്നതിനാലും, ടിയാന്റെ അപേക്ഷ പരിഗണിച്ച് യു.എ നമ്പർ നൽകുന്നതിന് സെക്രട്ടറിയെ ചുമാതലപ്പെടുത്തി ശുപാർശ്ശ ചെയ്തു.

2. **അംബുജാക്ഷിമ്മ, മുല്ലശ്ശേരിൽ, കോഴിമല പി.ഒ**

ശ്രീമതി അംബുജാക്ഷിയമ്മ കാഞ്ചിയാര് ഗ്രാമ പഞ്ചായത്തില് 2-ാം വാർഡില് നിർമ്മിച്ചിട്ടുള്ള വീടും കടമുറിയും കൂടിയുള്ള കെട്ടിടത്തിന് നമ്പർ നൽകുന്നത് സംബന്ധിച്ചാണ് പരാതി നൽകിയത്. ഇതുസംബന്ധിച്ച് പ്രാധമിക പരിശോധനാ റിപ്പോർട്ട് സെക്രട്ടറിയിൽനിന്ന് ലഭ്മാക്കിയ ശേഷം അടുത്ത സിറ്റിംഗില് പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**ചക്കുപള്ളം ഗ്രാമ പഞ്ചായത്ത്.**

1. **ബേബി ജോസഫ് , പതിപ്പള്ളിൽ, ചക്കുപള്ളം**

ശ്രീ ബേബി ചക്കുപള്ളം പഞ്ചായത്തിൽ 12-ാം വാർഡില് ടിയാന്റെ ഉടമസ്ഥതയിൽ യു.എ നമ്പർ ഉള്ള കെട്ടിടത്തിന് സ്ഥിരനമ്പര് നൽകുന്നത് സംബന്ധിച്ചാണ് പരാതി. ഇതുസംബന്ധിച്ച് സെക്രട്ടറിയുടെ പ്രാധമിക റിപ്പോർട്ട് ലഭ്യമാക്കിയതിനു ശേഷം അടുത്ത സിറ്റിംഗില് പരിഗണിക്കുന്നതിന് തീരുമാനിച്ചു.

2. **DISTRICT TRADITIONAL CARDAMOM COMPANY LIMITTED, 6-ാം മൈയിൽ, ചക്കുപള്ളം.**

DISTRICT TRADITIONAL CARDAMOM COMPANY LIMITTED എന്ന കമ്പനി ചക്കുപള്ളം ഗ്രാമ പഞ്ചാത്തിൽ 10-ാം വാർഡില് ഗ്രൂപ്പ് എഫ് വിഭാഗത്തിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 3461.78 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് പെർമിറ്റ് ലഭിക്കുന്നത് സംബന്ധിച്ചാണ് പരാതി സമർപ്പിച്ചത്. ടി കെട്ടിടത്തിന് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് സെക്രട്ടറി ഭൂരേഖാ തഹസിൽദാര് ഉടുംമ്പൻചോലയോട് സ്പഷ്ടീകരണം ചോദിച്ചിട്ടുള്ളതും ഇതിനുള്ള മറുപചിയായി തഹസിൽദാര് നൽകിയ മറുപടിയില് അപേക്ഷ വസ്തു കേരളാ ഭൂമി പതിച്ചുനൽകൽ(01/01/1997 മുൻപ് വനഭൂമിയിൽനടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ1993 പ്രകാരം പതിച്ചു നൽകയതായതിനാല് ടി വസ്തുവില് കൃഷി, സ്വന്തം വാസഗ്രഹങ്ങൾ, ചെറിയ കടകൾ എന്നിവ നിർമ്മിക്കുന്നതിന് അനുമതിയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ചെറിയകടകൾ എന്നതിന് ഒരു സ്പഷ്ടീകരണം നൽകി പെർമിറ്റ്

നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്ന് ജില്ലാ അദാലത്ത് സമിതിയോട് ശുപാർശ്ശചെയ്യുന്നു.

3. **അന്നമ്മ ജോർജ്ജ്, കിഴക്കേചെരുവില്, അണക്കര**

ശ്രീമതി അന്നമ്മ ജോർജ്ജിന്റെ പേരിൽചക്കുപള്ളം ഗ്രാമ പഞ്ചായത്തിൽ എ8 - 3094/18 നമ്പർ ഫയലിൽ26/07/2018 ല് ജില്ലാതലത്തിൽ നടത്തിയ കെട്ടിട നിർമ്മാണ അദാലത്ത് 2019 എടുത്ത തീരുമാനത്തിൽ സ്വീകരിച്ച തുടർനടപടികൾസംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർച്ച് ലഭ്യമാക്കി അടുത്ത സിറ്റിംഗില് പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**അയ്യപ്പൻകോവില് ഗ്രാമ പഞ്ചായത്ത്.**

1. **ലളിതാംബിക കെ.കെ, കപ്പക്കാലായിൽ, ചെങ്കര**

ശ്രീമതി ലളിതാംബിക കെ.കെ അയ്യപ്പൻകോവില് ഗ്രാമ പഞ്ചായത്തില് നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് നമ്പര് നൽകുന്നത് സംബന്ധിച്ചാണ് പരാതി. ടി പരാതിയിൻമേല് വിശദമായ റിപ്പോർട്ട് സെക്രട്ടറിയിൽനിന്ന് ലഭ്യമാക്കിയ ശേഷം അടുത്ത സിറ്റിംഗില് പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**ഉപ്പുതറ ഗ്രാമ പഞ്ചായത്ത്**

1. **ചന്ദ്രൻ.ഡി തുണ്ടിയിൽ, പശുപ്പാറ**

ഉപ്പുതറ ഗ്രാമ പഞ്ചായത്തിൽനിന്നും 9/354എ എന്ന നമ്പര് കെട്ടിടത്തിന് അനുവദിത്ത് പരാതി പരിഹരിച്ചു.

മേൽതീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ശേഷം ഓൺലൈൻഅദാലത്ത് 1 പി.എം ന് അവസാനിച്ചു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603